**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3275</u>** **<u>25-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>ഐ.ടി.ഐ.കളിൽ സെന്റർ ഓഫ് എക്സലൻസ് പരിശീലന പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഏതെങ്കിലും ഐ.ടി.ഐ. കളിൽ സെന്റർ ഓഫ് എക്സലൻസ് പരിശീലന പദ്ധതി നിലവിലുണ്ടോ; | (എ) | ഐ.ടി.ഐ കൽപ്പറ്റ, ഐ.ടി.ഐ ചന്ദനത്തോപ്പ് എന്നീ സ്ഥാപനങ്ങളിൽ സെന്റർ ഓഫ് എക്സലൻസ് പരിശീലന പദ്ധതി നിലവിലുണ്ട്. |
| (ബി) | സംസ്ഥാനത്ത് സെന്റർ ഓഫ് എക്സലൻസ് പദ്ധതി നടപ്പിലാക്കിയിരുന്ന മിക്ക സ്ഥാപനങ്ങളിലും ഈ പദ്ധതി നിർത്തലാക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര സർക്കാർ സെന്റർ ഓഫ് എക്സലൻസ് (CoE)ഉം ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമും (CTS) സംബന്ധിച്ച് താരതമ്യ പഠനം നടത്തുകയും CTS കോഴ്സുകളെ വച്ച് താരതമ്യം ചെയ്യുമ്പോൾ CoE കോഴ്സുകൾക്ക് ജോലി സാധ്യത കുറവാണെന്നു കണ്ടെത്തുകയും ചെയ്തു. ആയതു പ്രകാരം ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് ആണ് CoE പദ്ധതി നിർത്തലാക്കിയത്. |
| (സി) | നിലവിൽ ഈ പദ്ധതി പ്രകാരം പരിശീലനം നടത്തുന്ന സ്ഥാപനങ്ങളിൽ നിന്നും ഈ കോഴ്സുകൾ പിൻവലിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ